# പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2473 08.05.2017- ൽ മറുപടിക്ക്

**വില്ലേജോഫീസുകളിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന മാത്രം അപേക്ഷ സ്വീകരിക്കുന്നത് ജനങ്ങൾക്കുണ്ടാക്കുന്ന ബുദ്ധിമുട്ട്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ** | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വില്ലേജോഫീസുകൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന മാത്രം അപേക്ഷ സ്വീകരിക്കുന്നത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഇല്ല.ഇ-ഡിസ്ട്രക് പദ്ധതി വഴി നൽകുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷകൾ മാത്രമാണ് അക്ഷയകേന്ദ്രങ്ങൾ മുഖേന സ്വീകരിക്കുന്നത്.പൊതുജനങ്ങൾക്ക് നേരിട്ട് ഓൺലൈനായും അപേക്ഷ സമർപ്പിക്കുവാനുള്ള സൗകര്യവും നിലവിലുണ്ട്. |
| (ബി) അക്ഷയകേന്ദ്രങ്ങളിൽ അപേക്ഷ സ്വീകരിക്കുന്നതിന് ജനങ്ങളിൽ നിന്നും അമിത ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) ഇല്ല.ഫീസ് നിരക്കുകൾ പ്രദർശിപ്പിക്കണമെന്ന് അക്ഷയകേന്ദ്രങ്ങൾക്ക് അക്ഷയ ഡയറക്ടർ വഴി നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (സി) ആവശ്യപ്പെടുന്ന സർട്ടിഫിക്കറ്റുമായി യാതൊരു ബന്ധമില്ലാത്ത നിരവധി രേഖകൾ ഓൺലൈൻ ആയി സ്കാൻ ചെയ്ത് എൻട്രി ചെയ്യുന്നതിന് അക്ഷയ കേന്ദ്രങ്ങൾ ശ്രമിക്കുന്നത് വഴി പൊതുജനങ്ങൾക്ക് അനാവശ്യമായി അമിത തുക നൽകേണ്ടി വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) ഇല്ല.ഓരോ സർട്ടിഫിക്കറ്റിനും ആവശ്യമായ അനുബന്ധ രേഖകളുടെ വിവരങ്ങൾ അക്ഷയകേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്. |
| (ഡി) അക്ഷയകേന്ദ്രങ്ങളിൽ ഈടാക്കുന്ന അതേ ഫീസ് ഈടാക്കിക്കൊണ്ട് വില്ലേജോഫീസ്-താലൂക്കോഫീസ് എന്നിവിടങ്ങളിൽ ദിവസവേതന അടിസ്ഥാനത്തിൽ ഡേറ്റാ- എൻട്രി-ഓപ്പറേറ്റർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) & (ഇ) ഇത്തരത്തിലുള്ള ഒരു നിർദ്ദേശവും ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ സർക്കാരിന് അധിക ബാധ്യത ഇല്ലാതെതന്നെ ജനങ്ങൾക്ക് വേഗത്തിൽ അപേക്ഷ സമർപ്പിക്കുന്നതിനും അക്ഷയകേന്ദ്രങ്ങളുടെ ചൂഷണത്തിൽ നിന്നും മുക്തി നേടുന്നതിനും കഴിയുമെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | |

| | | |
|---|---|---|
| (എഫ്) | പൊതുജനങ്ങൾക്ക് നേരിട്ട് ഓൺലൈനായ് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | പൊതുജനങ്ങൾക്ക് നേരിട്ട് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം ഇപ്പോൾത്തന്നെയുണ്ട്. |

**സെക്ഷൻ ഓഫീസർ**